നം.ആർ&ആർ (1)/3226/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി.01-02-2020
ഫോൺ നം.0471-2580526
ഇ-മെയിൽ: supdtrr.dge@kerala.gov.in

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- കൊറോണ വൈറസ് സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

വിദ്യർത്ഥികൾക്കും, അദ്ധ്യാപകർക്കും കൊറോണ വൈറസിന്റെ ആശങ്കകൾ അകറ്റുന്നതിനായി വ്യക്തവും, കൃത്യവുമായ അവബോധം നൽകേണ്ടതായി കാണുന്നു. ഇതിനായി ചുവടെ നൽകുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും കർശനമായി പാലിക്കേണ്ടതാണ്.

1. ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ബോധവൽക്കരണ വീഡിയോ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും മുന്നിലായി ***2020 ഫെബ്രുവരി മാസം 3-ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക്*** പ്രദർശിപ്പിക്കേണ്ടതാണ്.

2. ഈ വീഡിയോ പ്രദർശിപ്പിക്കുന്നതിനായി ഹൈടെക് ക്ലാസ്സ് മുറികളും, ഹൈടെക് ലാബുകളും ഉപയോഗിക്കേണ്ടതും മുഴുവൻ വിദ്യാർത്ഥികളും, അദ്ധ്യാപകരും വീഡിയോ കണ്ടുവെന്ന് സ്കൂളുകളിലെ പ്രിൻസിപ്പാൾമാരും പ്രഥമാദ്ധ്യാപകരും ഉറപ്പു വരുത്തേണ്ടതുമാണ്.

3. പ്രസ്തുത വീഡിയോ സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ വിദ്യാലയങ്ങളിലും, കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളിലും ഫെബ്രുവരി 3-ാം തീയതി പ്രദർശിപ്പിക്കേണ്ടതാണ്.

4. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയും ***https://victers.kite.kerala.gov.in*** എന്ന പോർട്ടലിലൂടെയും ഈ വീഡിയോ ***ഫെബ്രുവരി 3-ാം തീയ്യതി ഉച്ചയ്ക്ക് 2 മണി, 3 മണി, 4 മണി*** എന്നിങ്ങനെ മൂന്നു തവണ സംപ്രേക്ഷണം ചെയ്യുന്നതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

<u>സ്വീകർത്താക്കൾ:</u>

1) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ് & വിക്ടേഴ്സ് ചാനൽ.
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
5) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

   (2–6) ബന്ധപ്പെട്ട മുഴുവൻ സ്കൂൾ അധികൃതർക്കും സർക്കുലർ നൽകേണ്ടതും നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7) കരുതൽ ഫയൽ.

പകർപ്പ് :

എല്ലാ ജില്ലാ കളക്ടർമാർക്കും